Draft #1 of File 62042/AD A5-1/2023/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 13-Jun-2023 04:06 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല ലൈബ്രറി - iThenticate സോഫ്റ്റ്‌വെയർ ഉപയോഗിച്ച് plagiarisam പരിശോധിക്കുന്നതിനുള്ള ഫീസ് നിരക്കുകൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 6632/AD A 5/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.06.2023

---

*പരാമർശം:*-(1) സർവ്വകലാശാല ഉത്തരവ് നം.11230/AD A5/2022/ എം.ജി.യു, തീയതി 05.11.2022

(2) അസിസ്റ്റന്റ് ലൈബ്രേറിയൻ ഇൻ ചാർജിന്റെ കത്ത് നം.527/യൂണി.ലൈബ്രേറി/ഭ.വി / 2023 , തീയതി 23.05.2023

**<u>ഉത്തരവ്</u>**

സർവ്വകലാശാല ലൈബ്രറിയിൽ , iThenticate സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. iThenticate സോഫ്റ്റ്‌വെയർ ഉപയോഗിച്ച് plagiarisam പരിശോധിക്കുന്നതിനുള്ള സർവീസ് ആരംഭിക്കുന്നതിലേക്കായി ചുവടെ കൊടുത്തിരിക്കുന്ന നിരക്കുകളും നിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം അസിസ്റ്റന്റ് ലൈബ്രേറിയൻ ഇൻ ചാർജ് അഭ്യർഥിക്കുകയുണ്ടായി.

**iThenticate സോഫ്റ്റ്‌വെയർ ഉപയോഗിച്ച് plagiarisam പരിശോധിക്കുന്നതിനുള്ള ഫീസ് നിരക്കുകൾ**

1.സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂളുകൾ / ഡിപ്പാർട്മെന്റുകൾ എന്നിവിടങ്ങളിലെ വിദ്യാർഥികൾക്കും M.Phil, Ph.D ഗവേഷണ വിദ്യാർഥികൾക്കും. -₹100/-( നൂറ് രൂപ മാത്രം )

2.സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂളുകൾ / ഡിപ്പാർട്മെന്റുകൾ എന്നിവിടങ്ങളിലെ സ്ഥിര അധ്യാപകർക്ക്- ₹200/-( ഇരുനൂറ് രൂപ മാത്രം )

3. മറ്റ് വിഭാഗങ്ങളിൽപ്പെടുന്നവർക്ക് - ₹250/-( ഇരുനൂറ്റി അൻപത് രൂപ മാത്രം )

Ph.D തീസിസുകൾക്ക് പുറമെ വിവിധ പ്രസിദ്ധീകരണങ്ങളിലേക്ക് നൽകാനുള്ള ലേഖനങ്ങൾ , ജേർണൽ ആർട്ടിക്കിൾസ്, ബുക്ക് ചാപ്റ്ററുകൾ, പ്രൊജക്റ്റ് റിപ്പോർട്ടുകൾ മുതലായവക്കും മേൽ ഫീസ് നിരക്ക് ബാധകമായിരിക്കും.

iThenticate സോഫ്റ്റ്‌വെയർ ഉപയോഗിച്ച് plagiarisam പരിശോധിക്കുന്നതിന് മേൽ ഫീസ് നിരക്കുകൾ ഈടാക്കുന്നതിനും, ഇവ സർവ്വകലാശാലയുടെ ഓൺലൈൻ ഫീ പേയ്മെന്റ് സംവിധാനം ഉപയോഗിച്ച് സ്വീകരിക്കുന്നതിനും അനുവദിച്ച് ബഹു: വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉഷ വി ഡി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / എഫ്. ഒ. എന്നിവരുടെ പി.എ. മാർ
3. സർവകലാശാല ലൈബ്രേറിയൻ ഇൻ ചാർജ്
4. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
5. എ.ആർ./ ഡി.ആർ./ ജെ.ആർ (ഭരണം / ഫിനാൻസ് )
6. ഫിനാൻസ്/ ഓഡിറ്റ്/അക്കൗണ്ട്സ് സെക്ഷനുകൾ
7. ഐക്യൂഎസി/ഐ ടി സെൽ 1 /university Website
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 62042/AD A5-1/2023/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 13-Jun-2023 04:06 PM - Page 2